**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികൾ നിശ്ചിത പഠന നിലവാരം പുലർത്തുന്നതിലും അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ദേശീയതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ദേശീയ പഠനനേട്ട സർവ്വേയിലും (National Achievement Survey) സുസ്ഥിര വികസന സൂചിക (Sustainable Development Index) യനുസരിച്ചും നീതി ആയോഗ് നടത്തുന്ന വിലയിരുത്തലിലും കേരളം ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുന്നതിൽ മുൻനിര സംസ്ഥാനമാണ്. ദേശീയ പഠനനേട്ട സർവ്വേ പ്രകാരം (NAS-National Achievement Survey) കേരളത്തിലെ കുട്ടികളുടെ പഠന നിലവാരം ദേശീയ നിലവാരത്തേക്കാൾ കൂടുതലാണ്. മൂന്ന്,അഞ്ച്, എട്ട് ക്ലാസ്സുകളിൽ ഭാഷ, ഗണിതം പരിസര പഠനം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തിയത്. കേരളത്തിലെ 95% ത്തിലധികം കുട്ടികളും സ്കൂളിൽ വരാൻ ഇഷ്ടപ്പെടുന്നവരാണെന്ന് സർവ്വേ ചൂണ്ടിക്കാണിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യ-സ്വാശ്രയ മേഖലയിലുമുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിജയ ശതമാനത്തിന്റെയും കണക്കുകൾ സർക്കാർ പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിജയ ശതമാനത്തിന്റെയും കണക്കുകൾ അതാത് സന്ദർഭങ്ങളിൽ സർക്കാർ പരിശോധിക്കാറുണ്ട്. |
| (സി) | പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദ്യാർത്ഥികളെ കൂടുതലായി ആകർഷിക്കുന്നതിന്റെ പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പേരിൽ നടപ്പിലാക്കിയ പ്രത്യേക പദ്ധതികളാണ് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയത്. സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളും ഹൈടെക്ക് ആക്കുകയും അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തതോടെയാണ് പൊതുവിദ്യാലയങ്ങൾ ആകർഷകമായത്. യോഗ്യതയുള്ള അധ്യാപകർ, മികച്ച പാഠ്യപദ്ധതി, മെച്ചപ്പെട്ട പശ്ചാത്തല സൗകര്യം മികച്ച ലാബുകൾ, |

| | | | |
|---|---|---|---|
| | | | ലൈബ്രറികൾ, ഡിജിറ്റൽ പ്ലാറ്റ്ഫോം അടക്കമുള്ള മികച്ച പഠനാന്തരീക്ഷം പാഠപുസ്തകങ്ങളുടെ സമയബന്ധിതമായ വിതരണം, പരീക്ഷകളുടെ കൃത്യമായ നടത്തിപ്പ്, കലാകായിക പഠനത്തിനും അവതരണത്തിനുമുള്ള അവസരം , എൻ.എസ്.എസ്, സ്കൗട്ട്, എസ്.പി.സി. തുടങ്ങിയ സാമൂഹിക ഗുണങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള അവസരങ്ങളുമുണ്ട്. |
| (ഡി) | കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ അത് എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ക്രമീ കരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേത് ഉൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും നെറ്റ് പ്രശ്നമുള്ളയിടങ്ങളിൽ പ്രാദേശിക പഠന കേന്ദ്രങ്ങൾ സജ്ജീകരിച്ച് കംപ്യൂട്ടറിൽ ക്ലാസ്സുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പംതന്നെ ആവശ്യാനുസരണം ക്ലാസ്സുകൾ കാണാൻ യൂ ട്യൂബിലും എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ പശ്ചാത്തല സൗകര്യവും നെറ്റ് കണക്ടിവിറ്റിയും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ